പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ.1266

04.12.2014 ൽ

മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ ഓൺലൈൻ മണൽ വിതരണം.

ചോദ്യം

ശ്രീ.പി.റ്റി.എ.റഹിം :

ഉത്തരം

ശ്രീ .അടൂർ പ്രകാശ്

(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് ജില്ലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഓൺലൈൻ ആയി മണൽ വിതരണം ചെയ്തിരുന്നത് നിർത്തിവെച്ചിട്ടുണ്ടോ ; | (എ) | കോഴിക്കോട് ജില്ലയിൽ 2014 ജൂൺ 15 മുതൽ മണൽ ഖനനം നിർത്തി വെച്ചിരുന്നു. |
| (ബി) | ഉണ്ടെങ്കിൽ ആയതിന്റെ കാരണങ്ങൾ വിശദമാക്കാമോ ; | (ബി) | ബഹു.ഗ്രീൻ ട്രൈബ്യൂണലിന്റെ ഒ.എ.171/2013 കേസിലെ 05.08.2013, 14.08.2013, 29.08.2013 തീയതികളിലെ ഉത്തരവിൽ MoEF / SEIAA യിൽ നിന്നുള്ള പാരിസ്ഥിതികാനുമതി കൂടാതെയുള്ള മണൽ ഖനനം വിലക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ SEIAA യിൽ അപേക്ഷ സമർപ്പിക്കുകയും 2 മാസത്തേക്ക് താൽക്കാലികാനുമതി ലഭിക്കുകയും ആയത് അവസാനിച്ചതിനാലുമാണ് മണൽ ഖനനം നിർത്തിവെക്കാനിടയായത്. |
| (സി) | മണൽ വിതരണം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; | (സി) | വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/പരി. തീയതി 15.11.2014 പരിസ്ഥിതി (എ) വകുപ്പ് പ്രകാരം മണൽ ഖനനത്തിനുള്ള അനുമതിയിൽ ഇളവ് വരുത്തുകയും, ഇതെത്തുടർന്ന് |

| | | | |
|---|---|---|---|
| | | | 2014 നവംബർ 24 മുതൽ 3 മാസത്തേക്ക് മണൽ ഖനനത്തിന് താൽക്കാലിക അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | മണൽ ലഭ്യമല്ലാത്തതു കാരണം നിർമ്മാണ മേഖല പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ? | (ഡി) | സർക്കാർ ഉത്തരവ് (കൈ) നമ്പർ 13/2014/പരി. തീയതി 15.11.2014 പരിസ്ഥിതി (എ) വകുപ്പ് പ്രകാരം വ്യക്തിഗത ഗൃഹനിർമ്മാണത്തിനുള്ള മണലിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനു വേണ്ടി മണൽ ഓഡിറ്റ് പൂർത്തിയായിട്ടുള്ള 20 നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിന് നിയമാനുസൃത അനുവാദം നൽകുന്നതിന് അപേക്ഷ സമർപ്പിക്കാൻ ജില്ല കളക്ടർമാരെ ചുമതലപ്പെടുത്തുകയും, മണൽ ഓഡിറ്റിംഗ് പൂർത്തിയായിട്ടില്ലാത്ത നദികളിൽ നിന്നും 3 മാസക്കാലയളവിനുള്ളിൽ മണൽ ഓഡിറ്റിംഗ് പൂർത്തിയാക്കുമെന്ന വ്യവസ്ഥയോടെ 3 മാസം വരെ മണൽ ഖനനം നടത്തുന്നതിന് താൽക്കാലികാനുമതി നൽകുകയും, വീട് നിർമ്മാണത്തിന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിന്റെ അതിർത്തിയിലൂടെ മണൽ കൊണ്ടു വരുന്നത് സുഗമമാക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.<br>28.10.2014 ന് ചേർന്ന റിവർമാനേജ്മെന്റ് സംസ്ഥാന ഉന്നതതല സമിതിയിൽ മണൽ ഓഡിറ്റ് പൂർത്തിയാവുകയും നടപടി റിപ്പോർട്ട് സർക്കാർ അംഗീകരിക്കുകയും ചെയ്യുന്ന പക്ഷം നദികളിൽ നിന്നും മണൽ ഖനനം നടത്തുന്നതിനും, ഇ-സാന്റ് പദ്ധതിയിലൂടെ മണൽ വിതരണം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br>കൂടാതെ അനധികൃത മണൽ കടത്തിനിടെ കണ്ടുകെട്ടുന്ന മണൽ പൊതുമരാമത്ത് വില നിരക്കിൽ നിർമ്മിതി കേന്ദ്രയുടെ കലവറ വഴി വിതരണം ചെയ്യുന്നുമുണ്ട്.<br>സെക്ഷൻ ഓഫീസർ |